LIBRARY ARCHIVES Kerala Legislative Assembly

കോൺട്രിബ്യൂട്ടറി പെൻഷൻ

145 (T6596) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവനക്കാരുടെ കോൺട്രിബ്യൂട്ടറി പെൻഷൻ ഫണ്ട് എന്നുമുതലാണ് പിടിച്ചുതുടങ്ങിയത് ;

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് സർക്കാർ അടച്ചിട്ടുള്ളത് ;

(സി) എത്ര ജീവനക്കാർക്കുവേണ്ടിയാണ് അടച്ചിട്ടുള്ളത്, വിശദമാക്കുമോ ?

ഉത്തരം

(എ) 2014 ഫെബ്രുവരി മാസം മുതലാണ് ജീവനക്കാരിൽനിന്നും ദേശീയ പെൻഷൻ പദ്ധതിയുടെ ഭാഗമായി ജീവനക്കാരുടെ വിഹിതം പിടിച്ചുതുടങ്ങിയത്.

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ വിഹിതമായി 1.21 ലക്ഷം രൂപയും അതിനു തുല്യമായ സർക്കാർ വിഹിതവും ചേർത്ത് ആകെ 2.42 ലക്ഷം രൂപ നിർദ്ദിഷ്ട പെൻഷൻ പദ്ധതിക്കായി കൈമാറിയിട്ടുണ്ട്.

(സി) 2013-14 സാമ്പത്തിക വർഷത്തിൽ ആകെ കൈമാറിയ പെൻഷൻ വിഹിതമായി 2.42 ലക്ഷം രൂപ 68 ജീവനക്കാർക്ക് വേണ്ടിയുള്ളതാണ്.

പേഴ്സണൽ സ്റ്റാഫിന്റെ പി.എഫ്./പെൻഷൻ കോൺട്രിബ്യൂഷൻ സംബന്ധിച്ച്

146 (6597) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാസ്ഥാപനങ്ങൾ/ബോർഡ്/കോർപ്പറേഷനുകൾ എന്നിവയിൽ നിന്ന് പേഴ്സണൽ സ്റ്റാഫിൽ നിയമിക്കപ്പെടുന്നവരുടെ പി.എഫ്/ പെൻഷൻ കോൺട്രിബ്യൂഷൻ എന്നിവ ഇപ്പോഴും ഡി.ഡി. മുഖേനയാണോ അയച്ച് കൊടുക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഡി.ഡി.ചാർജ് ജീവനക്കാരനിൽ നിന്നാണോ ഈടാക്കു ന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) കമ്പ്യൂട്ടറും ഇന്റർനെറ്റും പ്രയോഗത്തിലുള്ള സാഹചര്യത്തിൽ അതുപയോഗപ്പെടുത്തി ഇത്തരം തുക ട്രാൻസ്ഫർ ചെയ്യുകയോ അല്ലെങ്കിൽ ഡി.ഡി. കമ്മീഷൻ സർക്കാർ തന്നെ വഹിക്കുകയോ ചെയ്യുമോ ?

ഉത്തരം

(എ&ബി) അതെ

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) ഇ-ഗവേണൻസ് മുഖേന ഇത്തരം തുക ട്രാൻസ്ഫർ ചെയ്യാവുന്ന കാര്യം പരിഗണിക്കാവുന്നതാണ്. എന്നാൽ നിലവിൽ സർക്കാർ ആവശ്യത്തിനായി എടുക്കുന്ന ഡി.ഡി.-കൾക്ക് മാത്രമേ ഡി.ഡി. കമ്മീഷൻ ഒഴിവാക്കുന്നുള്ളൂ. പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും നിയമിക്കപ്പെടുന്ന പേഴ്സണൽ സ്റ്റാഫുകളുടെ റീവ് സാലറി, പി.എഫ്., പെൻഷൻ കോൺട്രിബ്യൂഷൻ എന്നിവ അയയ്ക്കുന്നതിനുള്ള ഡി.ഡി. ചാർജ് സർക്കാർ വഹിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഡെപ്യൂട്ടേഷനിൽ പോകുന്നതിന് കാലാവധി

147 (6598) ശ്രീ. കെ. അജിത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ഡിപ്പാർട്ടുമെന്റിൽ നിന്നും മറ്റൊരു ഡിപ്പാർട്ടുമെന്റിലേക്ക് ജീവനക്കാർ ഡെപ്യൂട്ടേഷനിൽ പോകുന്നതിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ എന്നു പറയാമോ;

(ബി) പ്രസ്തുത ഡെപ്യൂട്ടേഷൻ കാലാവധി മറികടന്ന് ധനകാര്യവകുപ്പിലെ അഡീഷണൽ സെക്രട്ടറി റാങ്കിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥൻ മറ്റ് ഡിപ്പാർട്ടുമെന്റുകളിൽ ജോലി ചെയ്യുന്നുണ്ടോ എന്നു പറയാമോ; ഇപ്രകാരം തുടരുന്നുണ്ടെങ്കിൽ നിലവിലുള്ള സർക്കാർ ഉത്തരവിന് വിരുദ്ധമല്ലേ; വ്യക്തമാക്കുമോ;

(സി) റിജിറൻസ് കേസിൽ പ്രതിയായ ധനകാര്യവകുപ്പിലെ ഉദ്യോഗസ്ഥർ ധനകാര്യവകുപ്പിലെ തന്നെ തസ്തികകളിലോ ഡെപ്യൂട്ടേഷനിൽ കേസിനാസ്പദമായ സ്ഥാപനങ്ങളിലെ പ്രധാന പോസ്റ്റുകളിലോ ജോലിയിൽ തുടരുന്നുണ്ടോ; കേസിന്റെ കാരണത്താൽ ഇവർക്ക് എതിരെ ധനകാര്യ വകുപ്പിൽ നിന്നും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നു പറയാമോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) 22-1-2013 പ്രാബല്യത്തിൽ കെ.എസ്.ആർ. ഭാഗം I-ൽ ഉൾപ്പെടുത്തിയ ചട്ടം 140(സി) അനുസരിച്ച് പ്രാരംഭത്തിൽ ഒരു വർഷത്തേക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കാവുന്നതും ആയത് തുടർച്ചയായി 5 വർഷംവരെ പരമാവധി ദീർഘിപ്പിച്ച് നൽകാവുന്നതുമാണ്.

(ബി) ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ ഫിനാൻസ് ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയായ ശ്രീ. എസ്.വി. കവേശന്റെ അന്യത്ര സേവന കാലാവധി ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അഭ്യർത്ഥന പ്രകാരം കെ.എസ്.ആർ. ഭാഗം I ചട്ടം 140 (സി) പ്രകാരം അനുവദനീയമായ 5 വർഷകാലയളവിൽ നിന്ന് ഒരു വർഷംകൂടി ഇളവു നൽകി തദ്ദേശസ്വയം ഭരണ വകുപ്പ് ദീർഘിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly